**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5369** **05-07-2024 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ ഗവേഷണം നടത്തുന്നതിനായി വിദ്യാർത്ഥികൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (UGC) റഗുലേഷൻ (Minimum Standards and Procedures for Award of PhD Degree) 2022 ന് അനുസൃതമായിട്ടാണ് സർവ്വകലാശാലകളിൽ ഗവേഷണം സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്.<br><br>1. PhD ഗവേഷണത്തിന് വിദ്യാർത്ഥികൾ താഴെപ്പറയുന്ന യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കണം :<br><br>55% മാർക്കോടെ നാലുവർഷ/ 8 സെമസ്റ്റർ ബിരുദത്തിന് ശേഷമുള്ള ഒരു വർഷ/ രണ്ട് സെമസ്റ്റർ മാസ്റ്റേഴ്സ് പ്രോഗ്രാം<br><br>അല്ലെങ്കിൽ<br><br>മൂന്ന് വർഷ ബിരുദത്തിന് ശേഷമുള്ള രണ്ട് വർഷ/ നാല് സെമസ്റ്റർ മാസ്റ്റേഴ്സ് പ്രോഗ്രാം.<br><br>അല്ലെങ്കിൽ<br><br>55% മാർക്കോടെ എം.ഫിൽ പ്രോഗ്രാം.<br><br>എസ്.സി./എസ്.ടി./ഒ.ബി.സി. (നോൺ ക്രീമിലെയർ)/ Differently–Abled, Economically Weaker Section (EWS)/ മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് 5% ഇളവ്.<br><br>2. 12 ക്രെഡിറ്റുകളുടെ കോഴ്സ് വർക്ക്.<br><br>3. എല്ലാ ഗവേഷകരും ടീച്ചിംഗ് /എഡ്യൂക്കേഷൻ / പെഡഗോജി / റൈറ്റിംഗിൽ ഉള്ള നിർബന്ധിത ട്രെയിനിംഗ് നേടിയിരിക്കണം.<br><br>4. നാല് തൊട്ട് ആറ് മണിക്കൂർ വരെയുള്ള Teaching/Research Apprenticeship. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ഗവേഷണം നടത്തിയ എല്ലാ വിദ്യാർത്ഥികൾക്കുമുള്ള സാമ്പത്തിക സഹായം നൽകിക്കഴിഞ്ഞോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ ഫെല്ലോഷിപ്പിനായി അപേക്ഷിച്ച, അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതുമായി ബന്ധപ്പെട്ട് അഡ്മിഷൻ ലഭിക്കുന്നതിന് എന്തെങ്കിലും സംവരണം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (സി) | കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ് സർവകലാശാലകൾ എസ്.സി. / എസ്.ടി. / ഒ.ബി.സി. (നോൺ ക്രീമിലെയർ) / ഭിന്നശേഷിക്കാർ / സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നീ വിഭാഗക്കാർക്കും, മഹാത്മാഗാന്ധി സർവകലാശാല എസ്.സി. / എസ്.ടി. / ഒ.ബി.സി. (നോൺ ക്രീമിലെയർ) / ഒ.ഇ.സി. / ഭിന്നശേഷിക്കാർ എന്നീ വിഭാഗക്കാർക്കും പ്രവേശനത്തിന് സർവകലാശാല വ്യവസ്ഥകൾ പ്രകാരം സംവരണം നൽകുന്നുണ്ട്. ഗവേഷകരുടെ പ്രവേശനം നടത്തുന്നതുമായി ബന്ധപ്പെട്ട് സംവരണം നടപ്പാക്കുന്ന വിഷയം കേരള സർവകലാശാല പരിശോധിച്ചുവരുന്നു. |
| (ഡി) | സർവകലാശാലകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഉണ്ട്. സർവകലാശാലകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് UGC-JRF, Mulana Azad National Fellowship for Minority Students, National Fellowship for Other Backward Classes, National Fellowship for Scheduled Caste, National Fellowship for Scheduled Tribe, Savitribai Jyotirao Phule Single Girl Child Fellowship (SJSGC), National Fellowship for Persons with Disabilities (NFPwD), DST Inspire Fellowship, Council of Scientific & Industrial Research (CSIR) Fellowship, Indian Council of Social Science Research (ICSSR) Fellowship, Dr. D.S. Kothari Post-Doctoral Fellowships in Sciences, Medical Sciences & Engineering Sciences, Indian Council for Medical Research (ICMR) Fellowship മുതലായ സാമ്പത്തിക സഹായങ്ങൾ കേന്ദ്ര സർക്കാർ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ